ഉടമസ്ഥതയിൽ സ്കൂൾ ആരംഭിക്കുന്നതിന് സാമ്പത്തിക ബാദ്ധ്യതയും പ്രായോഗിക ബുദ്ധിമുട്ടും കണക്കിലെടുക്കുമ്പോൾ നടപ്പിലാക്കാൻ കഴിയുന്ന നിർദ്ദേശമല്ലെന്ന് സർക്കാർ വിലയിരുത്തുന്നു. മാത്രമല്ല, ഈ ആവശ്യം പരിഗണിക്കപ്പെടുകയാണെങ്കിൽ ലോകത്തിന്റെ എല്ലാ ഭാഗത്തുമുള്ള മലയാളികളും ഇതേയാവശ്യമുന്നയിക്കുകയും ആയത് വളരെയേറെ സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്നതുമാണ്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യം ഉന്നയിച്ച സ്ഥിതിക്ക്, മറ്റ് രാജ്യങ്ങളിൽ സംസ്ഥാന സിലബസിൽ സ്കൂൾ തുടങ്ങുന്നതിനുവേണ്ടി എന്തൊക്കെ കാര്യങ്ങൾ നമ്മൾ ചെയ്യേണ്ടിവരുമെന്നതിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. രാജു എബ്രഹാം)

10. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന്റെ അപര്യാപ്തത

ശ്രീ. കെ. രാജു : സർ, പുനലൂരിലെ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിലെ അപാകതകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയാണ് ഞാൻ ഈ സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുദ്ദേശിക്കുന്നത്. ഉദ്ദേശം നൂറുവർഷത്തോളം പഴക്കമുള്ളതാണ് പുനലൂർ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ. നേരത്തെ ഡിപ്പോയായിരുന്നത് പിന്നീട് സബ് ഡിപ്പോയായി തരംതാഴ്ത്തപ്പെട്ടു. നൂറോളം സർവ്വീസുകളുണ്ടായിരുന്നതിൽ പലതും വെട്ടിക്കുറച്ച പുനലൂർ ഡിപ്പോയിൽ നിന്നും എക്സ്പ്രസ് സർവ്വീസുകളും അന്തർ സംസ്ഥാന സർവ്വീസുകളും നടത്തിയിരുന്നു. പുനലൂർ മണ്ഡലത്തിൽപ്പെട്ട പുനലൂർ, ആര്യങ്കാവ്, കുളത്തൂപ്പുഴ എന്നീ ഓപ്പറേറ്റിംഗ് സെന്ററുകളിൽനിന്നും കൂടുതൽ ബസ്സുകൾ ആരംഭിക്കുന്നതിനുവേണ്ടി നിരവധി കത്തുകൾ ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ടെങ്കിലും അതൊന്നും പരിഗണിക്കപ്പെട്ടിട്ടില്ല. പുനലൂരിൽനിന്നും തിരുവനന്തപുരത്തേക്ക് ദിവസവും ധാരാളമാളുകൾ വന്നുപോകുന്നതു കണക്കിലെടുത്ത് അവിടെ ഒരു ലോ ഫ്ലോർ എ.സി. ബസും കൂടാതെ പുനലൂരിൽനിന്നും അതിർത്തി പ്രദേശങ്ങളായ മധുര, കന്യാകുമാരി, പാലക്കാട്വഴി കോയമ്പത്തൂരിലേക്കും അന്തർ സംസ്ഥാന സർവ്വീസുമാരംഭിക്കണം. അതുപോലെ ഒരു പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമെന്ന നിലയിൽ കുളത്തൂപ്പുഴയിൽനിന്നും വർക്കല ക്ഷേത്രത്തിലേക്ക് ഒരു ഫാസ്റ്റ് പാസഞ്ചർ ബസും ആര്യങ്കാവിൽനിന്നും കൊല്ലത്തേക്ക് അഞ്ചൽവഴി ഒരു ഓർഡിനറി ബസ് സർവ്വീസും ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇതിനെക്കാളേറെ പരിതാപകരമായ ഒരു കാര്യം, പുനലൂർ ബസ് സ്റ്റാന്റിന്റെ നടുവിലാണ് കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ടിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുതുപുര സ്ഥാപിച്ചിരിക്കുന്നത്. അത് അവിടെനിന്നും പൊളിച്ചുമാറ്റി പിറകവശത്ത് എവിടെയെങ്കിലും സ്ഥാപിക്കണമെന്ന് നിരവധി തവണ ബന്ധപ്പെട്ട ആളുകളോട് ആവശ്യപ്പെട്ടെങ്കിലും ഇതുവരെ നടന്നിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ചേംബറിൽ വച്ച് നടന്ന യോഗത്തിൽ എം.ഡി. അടക്കമുള്ള ഉദ്യോഗസ്ഥർ സ്റ്റാന്റിൽ എത്തി പരിശോധന നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ എം.ഡി., ഇതുവരെ സ്ഥലത്ത് വരികയോ മറ്റുദ്യോഗസ്ഥരെ അങ്ങോട്ടേക്ക് അയയ്ക്കുകയോ ചെയ്തിട്ടില്ല. നിർമ്മിച്ചിട്ടിരിക്കുന്ന കെട്ടിടവുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റിയും കെ.എസ്.ആർ. ടി.സി.-യും തമ്മിൽ ഒരു തർക്കമുണ്ട്. ആ തർക്കം പരിഹരിക്കുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ചേംബറിൽ വച്ച് ചർച്ചകൾ നടത്തിയത്. ആ ചർച്ചയിൽ ചില ധാരണകൾ മന്ത്രി ഉണ്ടാക്കിയെങ്കിലും അത് ഇംപ്ലിമെന്റ് ചെയ്യാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഡിപ്പോയും സബ് ഡിപ്പോയും തമ്മിലുള്ള വേർതിരിവ് ഇപ്പോഴില്ല. വണ്ടികളുടെയും ഷെഡ്യൂളുകളുടെയും നമ്പരുകൾ അനുസരിച്ച് മാക്സിമം ട്രിപ്പുകൾ നിലനിർത്തുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. പുനലൂരിൽ, ഒരു സൂപ്പർഫാസ്റ്റ്, ഒരു ഷെഡ്യൂളും ഒരു ബസും ഉണ്ട്. ഫാസ്റ്റ് പാസഞ്ചർ -19 ഷെഡ്യൂളുകളും 15 - ബസ്സുകളും ഉണ്ട്. ഓർഡിനറി - 52 ഷെഡ്യൂളുകളും 53 - ബസ്സുകളും ഉണ്ട്. ആകെ അവിടെ 72 ഷെഡ്യൂളുകളും 69 ബസ്സുകളുമുണ്ട്. അങ്ങ് ഇവിടെ എഴുതിത്തന്നിരുന്നതിൽ കളത്തുപ്പുഴ-ആര്യങ്കാവിനെ കുറിച്ചും സൂചിപ്പിച്ചിരുന്നു. കളത്തുപ്പുഴ, ഫാസ്റ്റ് പാസഞ്ചർ-6 ഷെഡ്യൂളുകളും 6 ബസ്സുകളും ഉണ്ട്. ഓർഡിനറി-24 ഷെഡ്യൂളുകളും 28 ബസ്സുകളും ഉണ്ട്. മൊത്തത്തിൽ 30 ഷെഡ്യൂളുകളും 34 ബസ്സുകളുമുണ്ട്. ആര്യങ്കാവിൽ, ഫാസ്റ്റ് പാസഞ്ചർ-6 ഷെഡ്യൂളുകളും 6 ബസ്സുകളും ഉണ്ട്. ഓർഡിനറി 12 ഷെഡ്യൂളുകളും 13 ബസ്സുകളും ഉണ്ട്. മൊത്തത്തിൽ 18 ഷെഡ്യൂളുകളും 19 ബസ്സുകളുമുണ്ട്. അവരുടെ റിക്കോർഡ്സ് അനുസരിച്ചുള്ള ഷെഡ്യൂളുകളുടെയും ബസ്സുകളുടെയും കണക്കാണിത്. അതുസംബന്ധിച്ച് കാര്യമായ തർക്കമുണ്ടാകില്ല. ഇതുസംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി എടുക്കാവുന്നതാണ്.

പുനലൂർ മുനിസിപ്പാലിറ്റിയുമായിട്ടുള്ള തർക്കമാണ് രണ്ടാമത്തെ പ്രശ്നം. ആ തർക്കം പരിഹരിക്കുന്നതിന് അങ്ങുതന്നെ നേതൃത്വം കൊടുത്തുകൊണ്ട് ചർച്ച നടത്തിയ വിവരം എനിക്കറിയാം. അവസാനം ഞാൻതന്നെ അങ്ങയുടെ ആഗ്രഹ

പ്രകാരമാണ് ചേംബറിൽ യോഗം വിളിച്ചുചേർത്തത്. ആ യോഗത്തിൽ വച്ച് ചില നടപടികൾ എടുക്കാമെന്ന് പറഞ്ഞു. ചില അശാസ്ത്രീയതകൾ ഉണ്ടെന്ന് അങ്ങനെ സൂചിപ്പിച്ചു. ആ അശാസ്ത്രീയത പരിഹരിക്കുന്നതിനുവേണ്ട നടപടിയെടുക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ നിർദ്ദേശമനുസരിച്ച് നടപടി ഇടരുന്നില്ലെന്ന് അങ്ങ് പറഞ്ഞത് ഞാൻ വാക്കാൽതന്നെ ഉൾക്കൊള്ളുന്നു. അത് സംബന്ധിച്ച നിർദ്ദേശങ്ങൾ എഴുതികൊണ്ട് നടന്നില്ലെന്നത് പരിശോധിക്കുന്നതാണ്.

11. മിനി ഫിഷിംഗ് ഹാർബർ

<u>ശ്രീ. ജി. എസ്. ജയലാൽ</u> : സർ, കൊല്ലം ജില്ലയിൽ പരവൂർ തെക്ക് ഭാഗത്ത് ഒരു മിനി ഫിഷിംഗ് ഹാർബർ ആരംഭിക്കണമെന്ന പ്രഖ്യാപനം വന്നിട്ട് ഇരുപത്തിയഞ്ച് വർഷമായി. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ തറക്കല്ലിട്ടതായിരുന്നു. ഇപ്പോൾ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ ഗവൺമെന്റ് അതിന് സ്ഥലം നിർണ്ണയിക്കുകയും മാതൃകാപഠനം നടത്തുന്നതിന് പണമനുവദിക്കുകയും പുനെ ആസ്ഥാനമായി നടത്തുന്ന ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ പഠനം നടത്തുകയുമാണ്. പരിസ്ഥിതി ക്ലിയറൻസ് ഉൾപ്പെടെയുള്ള മറ്റുകാര്യങ്ങളെല്ലാം വൈകുകയാണ്. മിനി ഫിഷിംഗ് ഹാർബർ എന്ന നിലയിലാണ് പദ്ധതിയാവിഷ്കരിച്ച് മുന്നോട്ടുപോയതെങ്കിലും ആഴക്കടൽ മത്സ്യബന്ധനത്തിനാവശ്യമായ പ്രകൃതിജന്യ സൗകര്യമുള്ള സ്ഥലമാണിതെന്നാണ് പ്രാഥമിക പഠനത്തിൽനിന്നും മനസ്സിലാകുന്നത്. ദീർഘനാളുകളായിട്ടുള്ള ഒരാവശ്യമായ ഈ ഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാക്കുന്നതിനും സമയബന്ധിതമായി പണിയാരംഭിക്കുന്നതിനും ഗവൺമെന്റ് സത്വരനടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>) : സർ, സൗത്ത് പരവൂർ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്കായി 30-3-2013-ൽ 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. എന്നാൽ ഈ തുക അപര്യാപ്തമായതിനാൽ 81 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ഇപ്പോൾ നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന പൂർത്തീകരിക്കും. മാതൃകാപഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ സി.ഡബ്ല്യു.പി.ആർ.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാതൃകാപഠനം നാലുമാസത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മാതൃകാപഠനത്തിനുശേഷം പത്തുമാസം നീണ്ടുനിൽക്കുന്ന പരിസ്ഥിതി പഠനം നടത്തേണ്ടതായിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly